ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം. ഇ19-2229/സിഇ/തസ്വഭവ

തീയതി : 08/04/2014

## സർക്കുലർ

സർ,

വിഷയം:- തസ്വഭവ - ഭാഷാമാറ്റ പുരോഗതി - റിപ്പോർട്ട് ലഭ്യമാക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 28/12/2013 ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പിന്റെ 24279/ഔ.ഭാ2/2013/ഉഭപവ നമ്പർ സർക്കുലർ

**********

മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിന്റെ ഭാഗമായി ചീഫ് സെക്രട്ടറി എല്ലാ മാസവും സെക്രട്ടറിമാരുമായി നടത്തുന്ന സെക്രട്ടറി തലയോഗത്തിൽ ഭാഷാമാറ്റ പുരോഗതി ഒരു വിഷയമാക്കി ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിൽ ലഭ്യമാക്കേണ്ടതുണ്ടെന്ന് സൂചനാ സർക്കുലർ മുഖേന അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ഓഫീസ് മേലാധികാരികളും ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് ക്രോഡീകരിച്ച് എല്ലാ മാസവും അഞ്ചാം തീയതിയ്ക്കകം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രൊഫോർമയിൽത്തന്നെ സമർപ്പിക്കേണ്ടതാണ്. ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് നൽകുമ്പോൾ സത്യസന്ധത ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യം പരിശോധിക്കുന്നതിനായി ഔദ്യോഗിക ഭാഷാ വകുപ്പ് പരിശോധന നടത്തി തെറ്റായ റിപ്പോർട്ട് സമർപ്പിക്കുന്ന സ്ഥാപനത്തിന്റെ തലവൻമാർക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

(ഒപ്പ്)
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**
**(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെപൂർണ്ണ അധിക ചുമതല)**

പകർപ്പ്: (വെബ്സൈറ്റ് മുഖേന)

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിയന്ത്രണാധികാരികൾക്കും
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തര/ദക്ഷിണ മേഖല
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷനുകൾ
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് സബ് ഡിവിഷനുകൾ

എൻ.പി/

# പ്രതിമാസ ഭാഷാ മാറ്റ പുരോഗതി റിപ്പോർട്ട്

(. ..... .. . . . . . . . . .. . . . . . . മാസം)

| വകുപ്പിന്റെ/ സ്ഥാപന ത്തിന്റെ പേര് | കൈകാര്യം ചെയ്ത മൊത്തം ഫയലു കളുടെ എണ്ണം | മലയാള ത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | ഇംഗ്ലീഷിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | ന്യൂനപക്ഷ ഭാഷകളിൽ (തമിഴ്, കന്നട) കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ ശതമാനം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |